
സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

September 2024
Vol. 1 Issue 1 pages

പാലൈ
PALAI பாலை

# കഥയിൽ നിന്നും വെള്ളിത്തിരയിലേക്ക്: ചെറിയ ഭൂകമ്പങ്ങളും ജാനകിക്കുട്ടിയും



ആസിഫ് എം.*

**സംഗ്രഹം**

ഏതെങ്കിലും കലാസൃഷ്ടിയോ അതിന്റെ ഭാഗങ്ങളോ സ്വീകരിച്ച് പുതിയ കലാസൃഷ്ടിക്ക് രൂപം നൽകുന്ന പ്രക്രിയയാണ് അനുകല്പനം/അനുരൂപണം. സാഹിത്യകൃതിയെ തിരക്കഥയാക്കി, സിനിമയാക്കി മാറ്റുന്നത് ഒരു ഉദാഹരണം. ലോകത്തിലെ തന്നെ വിഖ്യാതമായ പല സാഹിത്യസൃഷ്ടികളും ഇതിനോടകം സിനിമകളായി പുറത്തുവന്നുകഴിഞ്ഞു. ചലച്ചിത്ര പഠനങ്ങളിൽ അനുകല്പന പഠനങ്ങൾക്ക് ഏറെ പ്രാധാന്യം കിട്ടുകയും ചെയ്യുന്ന കാലം കൂടിയാണിത്. 'ചെറിയ ചെറിയ ഭൂകമ്പങ്ങൾ' എന്ന എം.ടി. വാസുദേവൻ നായരുടെ ചെറുകഥയെ ആസ്പദമാക്കി 1998-ൽ ഹരിഹരൻ സംവിധാനം ചെയ്ത 'എന്ന് സ്വന്തം ജാനകിക്കുട്ടി' എന്ന സിനിമയെ അനുകല്പന സങ്കൽപ്പനങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്താനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

താക്കോൽ വാക്കുകൾ: അനുകല്പനം (Adaptation), വിപുലനം (Expansion), Dissociative Disorder

നിലനിൽക്കുന്ന ഒരു സാഹിത്യകൃതിയെ തിരക്കഥയാക്കി ചലച്ചിത്രമാക്കി പരിവർത്തിപ്പിക്കുന്ന പ്രക്രിയയാണ് അനുകല്പനം/അനുരൂപണം/അനുവർത്തനം (Adaptation). ചെറുകഥയും നോവലും നാടകവും കവിതയും ഇതിഹാസങ്ങളും ഒക്കെ ഇങ്ങനെ ചലച്ചിത്രമായി പരിവർത്തിച്ചിട്ടുണ്ട്. ഈ പ്രക്രിയയ്ക്ക് ചലച്ചിത്രത്തിന്റെ തുടക്കകാലത്തോളം പഴക്കമുണ്ട്. ചലച്ചിത്ര നിർമ്മിതിക്കു വേണ്ട അസംസ്കൃതവസ്തുക്കളുടെ, പ്രമേയേതിവൃത്തങ്ങളുടെ അക്ഷയഖനിയായി സാഹിത്യലോകം ചലച്ചിത്രത്തിനു മുമ്പിൽ നിന്നു. സിനിമ ആവോളം അത് സ്വീകരിക്കുകയും ചെയ്തു.

ഒരു സാഹിത്യകൃതിയെ മറ്റൊരു രൂപത്തിലേക്ക് സംഗീതമോ ദൃശ്യമോ ഒക്കെയാക്കി മാറ്റിപ്പണിയുന്ന പ്രക്രിയയാണ് അനുകല്പനം. കവിതയെ ഉപജീവിച്ച് ചിത്രം വരയ്ക്കുന്നതും ശില്പത്തെ മുൻനിർത്തി സിംഫണി ഒരുക്കുന്നതും അനുകല്പനമാണ്. ഒരു ചിഹ്നവ്യവസ്ഥയിൽ നിന്നും മറ്റൊരു ചിഹ്നവ്യവസ്ഥയിലേക്കുള്ള മാറ്റമാണ് യഥാർത്ഥത്തിൽ ഇവിടെ നടക്കുന്നത്. സാഹിത്യത്തിന്റെ

* ഗവേഷകൻ, മലയാള-കേരളപഠനവിഭാഗം, |കോഴിക്കോട് സർവ്വകലാശാല
Mob: 9995818729, assifmandodan@gmail.com

ചിഹ്നവ്യവസ്ഥ ചലച്ചിത്രത്തിന്റെ ചിഹ്നവ്യവസ്ഥയിലേക്ക് മാറുന്ന സാഹിത്യകൃതിയുടെ വായനയിൽ നിന്നും രൂപംകൊള്ളുന്ന പാഠത്തെ സാർത്ഥകമായ ചലച്ചിത്ര ചിഹ്നങ്ങളിലൂടെ ആവിഷ്കരിക്കുമ്പോഴാണ് അനുകല്പനം മികവുറ്റതാകുന്നത്.

ദൃശ്യങ്ങളുടെ ചേരുവയാണ് സിനിമയിൽ ഉള്ളത്. സാഹിത്യമാകട്ടെ വാക്കുകളും വാക്യങ്ങളും ചേർന്നതാണ്. സിനിമ എല്ലാം നേരിട്ടു കാണിക്കുന്നു, കേൾപ്പിക്കുന്നു. സിനിമയും സാഹിത്യവും രണ്ടുതരം ഭാഷയാണ് ഉപയോഗിക്കുന്നത്. സാഹിത്യം ശബ്ദാർത്ഥമേളനമായ ഭാഷ ഉപയോഗിക്കുമ്പോൾ സിനിമ ദൃശ്യഭാഷ ഉപയോഗിക്കുന്നു. സാഹിത്യം ഒരു വ്യക്തിയുടെ സൃഷ്ടിയാണെങ്കിൽ സിനിമ ഒരു കൂട്ടായ്മയുടെ സൃഷ്ടിയാണ്. സമഗ്രതയുടെ കലയാണ് സിനിമയെന്ന് സൂസൻ സൊണ്ടാഗിനെ പോലുള്ളവർ പറഞ്ഞുവെച്ചിട്ടുണ്ട്. സിനിമയെയും സാഹിത്യത്തെയും ഒന്നിപ്പിക്കുന്ന ഒരു ഘടകം ഇവ രണ്ടും കഥ പറയുന്ന കലകളാണ് (Narrative Art) എന്നതാണ്. സാഹിത്യകൃതിയെ അതേപടി തിരക്കഥയിലേക്ക് സന്നിവേശിപ്പിക്കുന്ന പ്രവണതയല്ല അനുകല്പനം. സാഹിത്യകൃതിയിൽ നിന്ന് ഭിന്നമായി കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും സിനിമയിൽ ഉണ്ടാവും. ഒരുതരം പുനഃക്രമീകരണമാണ് ഇവിടെ നടക്കുന്നത്. സാഹിത്യത്തിൽ നിന്നും ചലച്ചിത്രത്തിലേക്ക് മാറ്റപ്പെടുന്ന കൃതികൾ മൂലകൃതിയുടെ പദാനുപദ ദൃശ്യവൽക്കരണം ആകണമെന്നും മൂലകൃതിയിൽ ഇല്ലാത്ത സംഭവങ്ങളോ കഥാപാത്രങ്ങളോ അനുകല്പനകർത്താവ് സൃഷ്ടിക്കാൻ പാടില്ലെന്നുമുള്ള ധാരണകൾ തിരുത്തിക്കുറിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഓരോ അനുകല്പനവും ഒരു പുനർനിർമാണവും പുതിയ ഭാഷ്യവുമാണ്.

അനുകല്പനം എന്ന സങ്കൽപ്പനത്തോട് അനുകൂലിച്ചും പ്രതികൂലിച്ചും നിരവധി അഭിപ്രായങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. അതിൽ തന്നെ മൗലികതയുടെ പ്രശ്നമാണ് എല്ലാകാലത്തും ചർച്ചയായിട്ടുള്ളത്. മറ്റൊരു കലാകാരന്റെ ഭാവനയിൽ വിരിഞ്ഞ ഒരു കലാസൃഷ്ടി ചലച്ചിത്രകാരന്റെ കയ്യിൽ എത്തുമ്പോൾ മൗലികത നഷ്ടപ്പെട്ട ഒന്നായി മാറുന്നു എന്ന തർക്കം എല്ലാകാലത്തും ഉണ്ടായിട്ടുണ്ട്. 'സാഹിത്യവും സിനിമയും തമ്മിലുള്ള കൂട്ടുകെട്ട് അസ്വാഭാവികവും ഇരുമാധ്യമങ്ങൾക്കും ഹാനികരവുമാണ്'1 (വിർജീനിയ വൂൾഫ്), 'നോവലിൽ നിന്നും ഒരു സിനിമ അനുകല്പനം ചെയ്യാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. തണുത്ത ഭക്ഷണം ചൂടാക്കി കഴിക്കും പോലെയാണത്'2 (അലൻ റെനെ). ഇത്തരത്തിൽ അനവധി അഭിപ്രായങ്ങൾ ചലച്ചിത്രാനുകല്പനവുമായി ബന്ധപ്പെട്ട് ഉയർന്നു വന്നിട്ടുണ്ട്.

സാഹിത്യകൃതിയുടെ ജനപ്രിയത, സാമൂഹ്യപ്രസക്തി, പുതിയ പ്രമേയം, കഥാപാത്രങ്ങൾ, സാഹിത്യകൃതികളുടെ ദൃശ്യരൂപം, വാണിജ്യ ലക്ഷ്യങ്ങൾ, എന്നിങ്ങനെ അനവധി കാര്യങ്ങളാണ് ഒരു സാഹിത്യകൃതിയെ സിനിമയാക്കാൻ ചലച്ചിത്ര സംവിധായകനെ പ്രേരിപ്പിക്കുന്നത്. അനുകല്പനം തന്നെ പലവിധമുണ്ട്. ബ്രയാൻ മക്ഫെർലൈൻ, ഡെയ്മർ ചാറ്റ്മാൻ എന്നീ സൈദ്ധാന്തികർ അഞ്ചുതരം അനുകല്പന രൂപങ്ങളെ പറ്റി പറയുന്നുണ്ട്. സങ്കോചിപ്പിക്കൽ (Compression) വിപുലനം (Expansion) സമകാലവത്കരണം (Updating) തിരുത്തൽ (Correction) പുതുവൽക്കരണം (Superimpossion). ഇതിൽ ഏതെങ്കിലും ഒരു രീതിയാണ് ഒരു സാഹിത്യകൃതി സിനിമയാക്കുമ്പോൾ ചലച്ചിത്രകാരന്മാർ സ്വീകരിക്കുന്നത്.

മലയാളത്തിലെ രണ്ടാമത്തെ സിനിമ മുതൽ തന്നെ സാഹിത്യവും സിനിമയും തമ്മിലുള്ള ബന്ധം ആരംഭിക്കുന്നുണ്ട്. സി.വി. രാമൻപിള്ളയുടെ 'മാർത്താണ്ഡവർമ്മ' എന്ന നോവലിനെ ആസ്പദമാക്കി ആർ. സുന്ദരരാജ് സിനിമ സംവിധാനം ചെയ്തു. 1920 മുതൽ 1970 വരെ ഇത്തരത്തിൽ അനവധി രചനകൾ സിനിമകളായി. പുതിയ നൂറ്റാണ്ടിലും സാഹിത്യകൃതികളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് സിനിമകൾ അപൂർവമായെങ്കിലും ഉണ്ടാകുന്നു എന്നത് മലയാള സിനിമയുടെ സാഹിത്യ ബന്ധത്തിന്റെ തുടർച്ചയാണ്.

സാഹിത്യകൃതികൾ സിനിമയായ കൂട്ടത്തിൽ എടുത്തു പറയേണ്ടവയാണ് എം.ടി. വാസുദേവൻ നായരുടെ തിരക്കഥയിൽ സിനിമയായ രചനകൾ. എംടിയുടെ ചെറുകഥകൾ ഓരോന്നും ഓരോ ചെറിയ സ്ക്രീൻ പ്ലേ ആണെന്ന് പറയാം. പള്ളിവാളും കാൽച്ചിലമ്പും (നിർമ്മാല്യം), മഞ്ഞ്, വളർത്തുമൃഗങ്ങൾ, അസുരവിത്ത്, ഇരുട്ടിന്റെ ആത്മാവ്, കുട്ട്യേടത്തി, ഓളവും തീരവും, ബന്ധനം എന്നിവയെല്ലാം സിനിമയാക്കപ്പെട്ട പ്രധാന രചനകളാണ്. വിൻസെന്റും പി ഭാസ്കരനും ഐ.വി. ശശിയും ഹരിഹരനും സേതുമാധവനും ഉൾപ്പെടെയുള്ളവർ എംടിയുടെ തിരക്കഥകൾ ദൃശ്യവൽക്കരിച്ചു. ' എം.ടി തന്റെ

ചെറുകഥകൾ സിനിമയാക്കി വികസിപ്പിച്ചും പാകപ്പെടുത്തിയും തിരക്കഥ തീർക്കുമ്പോൾ തിരിയിൽ നിന്നും കൊളുത്തിയ പന്തം പോലെ ഭംഗിയും തിളക്കവും കൈവരിക്കുന്നു. അദ്ദേഹത്തിന്റെ ഏത് തിരക്കഥ എടുത്ത് നോക്കിയാലും പാത്രസൃഷ്ടിയിലും സംഭാഷണരചനയിലും ഉള്ള അദ്ദേഹത്തിന്റെ അസാധാരണമായ കഴിവ് പ്രശംസിക്കാതിരിക്കാൻ കഴിയില്ല'3 എന്ന് ചലച്ചിത്ര നിരൂപകനായിരുന്ന കോഴിക്കോടൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ പ്രബന്ധത്തിന്റെ തുടർഭാഗങ്ങളിൽ എംടിയുടെ 'ചെറിയ ചെറിയ ഭൂകമ്പങ്ങൾ' എന്ന കഥയുടെ അനുകല്പനമായ 'എന്ന് സ്വന്തം ജാനകിക്കുട്ടി' (സംവിധാനം: ഹരിഹരൻ) എന്ന സൃഷ്ടിയെ അനുകല്പന സങ്കൽപ്പങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്താനുള്ള ശ്രമമാണ് നടത്തുന്നത്.

സ്വന്തം വീടിനുള്ളിൽ ഒറ്റപ്പെട്ടുപോകുന്ന ജാനകിക്കുട്ടിക്ക് ഏക ആശ്വാസമായ മുത്തശ്ശി പറഞ്ഞു കൊടുക്കുന്ന കഥകളിലെ കുഞ്ഞാത്തോൽ എന്ന യക്ഷി കൂട്ടുകാരിയായി എത്തുന്നതും തുടർന്നുണ്ടാവുന്ന സംഭവങ്ങളുമാണ് 'എന്ന് സ്വന്തം ജാനകിക്കുട്ടി' (1998) എന്ന സിനിമയുടെ ഇതിവൃത്തം. എം.ടി തന്റെ തന്നെ ചെറുകഥയിൽ നിന്ന് വലിയ മാറ്റം വരുത്താതെയാണ് തിരക്കഥ രൂപപ്പെടുത്തിയിരിക്കുന്നത്. കഥയും കഥാപരിസരവും കഥാപാത്രങ്ങളും മാറ്റമില്ലാതെ സിനിമയിലും കാണാം. ജാനകിക്കുട്ടി, കുഞ്ഞാത്തോൽ, മുത്തശ്ശി, നീലി, അമ്മ, ദേവു, കുട്ടേട്ടൻ, മീനാക്ഷി, സരോജിനി, ഭാസ്കരൻ, നാണിക്കുട്ടി, കാര്യസ്ഥൻ രാവുണ്ണിനായർ എന്നിവരാണ് ചെറുകഥയിലെ മുഖ്യ കഥാപാത്രങ്ങൾ. ഇവരെ സിനിമയിലും അതുപോലെ നിലനിർത്തിയിരിക്കുന്നു. വാൾപ്പാറയിലെ ചായത്തോട്ടത്തിൽ ജോലിയുള്ള ജാനകിക്കുട്ടിയുടെ അച്ഛനെ കുറിച്ച് ചെറിയൊരു പരാമർശം ചെറുകഥയിലുണ്ട്. എന്നാൽ സിനിമയുടെ അവസാനത്തിൽ ഒരു പ്രധാന കഥാപാത്രമായി തന്നെ അച്ഛൻ കടന്നു വരുന്നുണ്ട്. കുടുംബവുമായി ഒരു ബന്ധവുമില്ലാതെ മറ്റൊരു സ്ത്രീയുമായി ജീവിതം നയിക്കുന്ന ഒരാളായിട്ടാണ് കഥയിൽ അച്ഛൻ കഥാപാത്രം. എന്നാൽ കുടുംബത്തിന് വേണ്ടി കഷ്ടപ്പെടുന്ന കുടുംബനാഥനായി സിനിമ ഈ കഥാപാത്രത്തെ അവതരിപ്പിക്കുന്നു.

മൂലകഥയിൽ നിന്നും വ്യത്യസ്തമായി ചെറിയതോതിലുള്ള മാറ്റങ്ങൾ മാത്രമേ എം.ടി തിരക്കഥയിൽ വരുത്തിയിട്ടുള്ളൂ. കുഞ്ഞാത്തോൽ, കരിനീലി, ബ്രഹ്മരക്ഷസ്, പറപ്പൂതം, പറക്കുട്ടി, കരിങ്കുട്ടി, കണ്ണാടിമുത്തൻ എന്നിങ്ങനെ അനവധി രൂപങ്ങളെ പറ്റി കഥയിൽ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ സിനിമയിലേക്ക് വരുമ്പോൾ കുഞ്ഞാത്തോലും കരിനീലിയും മാത്രമേ പ്രധാന കഥാപാത്രങ്ങളായി ഇടംപിടിക്കുന്നുള്ളൂ. കുഞ്ഞാത്തോലിന്റെ പൂർവ്വകാല ജീവിതം ചെറുകഥയിൽ ഇല്ല. എന്നാൽ സിനിമയിൽ അതിനെക്കുറിച്ചുള്ള സൂചനകൾ ഉണ്ട്. സരോജിനിയുടെ കല്യാണത്തിൽ പങ്കുചേരാൻ ജാനകിക്കുട്ടിയുടെ അച്ഛൻ വരുന്നതായി സിനിമയിൽ കാണിക്കുന്നുണ്ട്. എന്നാൽ മൂലകഥയിൽ അങ്ങനെ ഒരു ഭാഗമില്ല. കുഞ്ഞാത്തോലും ജാനകിക്കുട്ടിയും തമ്മിലുള്ള സൗഹൃദത്തിൽ മുത്തശ്ശി പങ്കാളിയാകുന്നതും മരണശേഷം മുത്തശ്ശി യക്ഷിയോടൊപ്പം ചേർന്ന് കൊത്തങ്കല്ലാടുന്നതും വട്ടു കളിക്കുന്നതും ചെറുകഥയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സിനിമയിൽ ജാനകിക്കുട്ടിയും കുഞ്ഞാത്തോലുമായുള്ള സൗഹൃദത്തെ ഭയത്തോടെയാണ് മുത്തശ്ശി നോക്കി കാണുന്നത്. പത്താം ക്ലാസിൽ പഠിക്കുന്ന പതിനാല് വയസ്സുള്ള ഒരു പെൺകുട്ടിയായി സിനിമ ജാനകിക്കുട്ടിയെ അവതരിപ്പിക്കുമ്പോൾ ചെറുകഥയിൽ പഠനം പാതിവഴിയിൽ മുടങ്ങിയ കഥാപാത്രമായിട്ടാണ് ജാനകിക്കുട്ടിയെ എം.ടി അവതരിപ്പിക്കുന്നത്. ചെറുകഥയിൽ മരണശേഷം മുത്തശ്ശി ചിതയിൽ നിന്നും ആത്മാവായി ഉയർത്തെഴുന്നേൽക്കുന്നത് എം.ടി അവതരിപ്പിക്കുന്നുണ്ട് സിനിമയിൽ അത്തരമൊരു രംഗം കാണുന്നില്ല.

യാഥാർത്ഥ്യവും ഭാവനയും പരസ്പരം ചേർത്തുവെച്ചുകൊണ്ടാണ് ഈ ചെറുകഥയും സിനിമയും രൂപപ്പെടുത്തിയിരിക്കുന്നത്. കുഞ്ഞാത്തോൽ എന്ന യക്ഷി ജാനകിക്കുട്ടിയുടെ മനസ്സിന്റെ തോന്നലാവാം, അതുമല്ലെങ്കിൽ യാഥാർത്ഥ്യമാവാം. തിരക്കഥയുടെ ആമുഖത്തിൽ എം. ടി ഇങ്ങനെ രേഖപ്പെടുത്തുന്നു. 'യാഥാർത്ഥ്യത്തിനും സങ്കൽപ്പത്തിനും ഇടക്കുള്ള നേർത്ത രേഖയിലൂടെ സഞ്ചരിക്കുന്ന ജാനകിക്കുട്ടിയുടെ മനസ്സ്. മാനസിക വൈദ്യശാസ്ത്രം അതിനെ പല നിലയ്ക്ക് വ്യാഖ്യാനിച്ചേക്കാം. പക്ഷേ സങ്കൽപ്പങ്ങൾ ചിലപ്പോൾ സത്യങ്ങളേക്കാൾ മനോഹരമാകുന്നു'4. യൗവനത്തിൽ ഒറ്റപ്പെടുന്ന ജാനകിക്കുട്ടിക്ക് കൂട്ട് വാർദ്ധക്യത്തിൽ മറ്റുള്ളവരുടെ കണ്ണിൽ കരടായ മുത്തശ്ശിയാണ്. മുത്തശ്ശി പറഞ്ഞു കൊടുക്കുന്ന കഥകളിലൂടെ അവൾ കുഞ്ഞാത്തോൽ എന്ന യക്ഷിയെ കുറിച്ച് മനസ്സിലാക്കുന്നു (സിനിമയിൽ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിലെ യക്ഷിക്കഥകൾ ജാനകിക്കുട്ടി വായിക്കുന്ന രംഗമുണ്ട്.

മൂലകൃതിയിൽ അതില്ല). സ്നേഹത്തിന്റെ അപര്യാപ്ത്തതയിൽ യക്ഷിയാൽ സ്നേഹിക്കപ്പെടുമ്പോൾ ആ സ്നേഹം ഏറ്റുവാങ്ങാൻ ജാനകിക്കുട്ടി തയ്യാറാകുന്നുണ്ട്. വീട്ടിൽനിന്നും മറ്റാരിൽ നിന്നും കിട്ടാത്ത സ്നേഹവും പരിഗണനയും കുഞ്ഞാത്തോൽ ജാനകിക്കുട്ടിക്ക് നൽകുന്നു.

യക്ഷിയുടെയും കരിനീലിയുടെയും ലോകത്തും സ്വന്തം കുടുംബജീവിതാന്തരീക്ഷത്തിലും ഒരേസമയത്ത് ജീവിക്കേണ്ടിവരുമ്പോൾ നായിക അറിയാതെ തന്നെ കുടുംബാന്തരീക്ഷത്തിലും യക്ഷിയുടെ സാന്നിധ്യം കടന്നുവരുന്നു. ഇത് ജാനകിയുടെ ജീവിതത്തിലെ ഭൂകമ്പത്തിന് കാരണമാവുകയും ചെയ്യുന്നു. യക്ഷിയായ കുഞ്ഞാത്തോലിന് ജാനകിക്കുട്ടിയെ അവളുടെ വ്യക്തിദുഃഖങ്ങളിൽ നിന്നും ഏകാന്തതയിൽ നിന്നും മോചിപ്പിക്കാൻ കഴിയുന്നുണ്ട്. ജാനകിക്കുട്ടിയുടെ മനോവ്യാപാരങ്ങളുടെ സൂക്ഷ്മമായ അവതരണമാണ് 'ചെറിയ ചെറിയ ഭൂകമ്പങ്ങൾ' എന്ന കഥ. ചെറിയ ചെറിയ ഭൂകമ്പങ്ങൾ വലിയ വലിയ ഭൂകമ്പങ്ങൾ ആകുന്നതിന്റെ സകല ലക്ഷണങ്ങളോടും കൂടിയാണ് കഥ അവസാനിക്കുന്നത്. യാഥാർത്ഥ്യത്തിന്റെ ലോകത്തും അയാഥാർത്ഥ്യത്തിന്റെ ലോകത്തും ജാനകിക്കുട്ടിക്ക് ഒരേ സമയം ജീവിക്കേണ്ടി വന്നപ്പോൾ അത് അവളുടെ കുടുംബജീവിതത്തെ ബാധിക്കുന്നു. മനശാസ്ത്രപരമായ വായനക്ക് കൂടി ഈ സിനിമക്ക് സാധ്യതയുണ്ട്. ഒറ്റപ്പെടൽ അനുഭവിക്കുന്ന ജാറകിക്കുട്ടി തന്റേതായ മാനസികലോകത്ത് സൃഷ്ടിച്ചെടുക്കുന്ന കല്പിത കഥാപാത്രമാവാം കുഞ്ഞാത്തോൽ. മനശാസ്ത്രജ്ഞർ ഇതിനെ Dissociative Disorder എന്നാണ് വിളിക്കുന്നത്. ഒരാൾ അയാളായിരിക്കുമ്പോൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളിൽ നിന്നും മാനസിക സംഘർഷങ്ങളിൽ നിന്നും ഒരു മോചനം ഉണ്ടാവാൻ സാധ്യതയില്ലെന്ന് മനസ്സിലാക്കുമ്പോൾ ഉപബോധമനസ്സ് അയാളെ സ്വന്തം വ്യക്തിത്വത്തിൽ നിന്ന് മാറ്റി കുറെ കൂടി സുരക്ഷിതമായ മറ്റൊരു വ്യക്തിത്വം സ്വീകരിക്കാൻ പ്രേരിപ്പിക്കുന്നു. ഇതിനെയാണ് ഡിസോസിയേറ്റീവ് ഡിസോഡർ എന്ന് പറയുന്നത്. സാധരണഗതിയിൽ കനത്ത മാനസിക സംഘർഷങ്ങൾ അനുഭവിക്കുന്നവർ, ഏതെങ്കിലും തരത്തിലുള്ള പീഡനത്തിന് വിധേയരായവർ, കുടുംബ പ്രശ്നങ്ങൾ അനുഭവിക്കുന്നവർ, കുടുംബത്തിനകത്ത് ഒറ്റപ്പെട്ടവർ, അവഗണന നേരിടുന്നവർ, മാനസിക സംഘർഷങ്ങൾ നേരിടുന്നവർ എന്നിങ്ങനെയുള്ള അവസ്ഥകളിലൂടെ കടന്നു പോകുന്നവരാണ് ഈ മാനസികാവസ്ഥയ്ക്ക് വശപ്പെടുക. ജാനകിക്കുട്ടി ഇത്തരമൊരു അവസ്ഥയിലൂടെ കടന്നുപോകുന്ന കഥാപാത്രമാണെന്ന് വാദിക്കാം. അവൾ തന്നെ താൽക്കാലികമായി കണ്ടെത്തുന്ന ഒരഭയമാവാം കുഞ്ഞാത്തോൽ. സിനിമയുടെ അന്ത്യത്തിൽ മുത്തശ്ശിയുടെ മരണശേഷം വൈദ്യചികിത്സ നേടിയ അവൾ യഥാർത്ഥ ലോകത്തിലേക്ക് /ജീവിതത്തിലേക്ക് തിരിച്ചുവരുന്നുണ്ട്.

ചെറുകഥയിൽ നിന്ന് സിനിമയിലേക്ക് വരുമ്പോഴുള്ള പ്രധാന വ്യത്യാസം ശീർഷകമാണ്. 'ചെറിയ ചെറിയ ഭൂകമ്പങ്ങൾ' എന്ന പേര് സിനിമയിലേക്ക് എത്തുമ്പോൾ 'എന്ന് സ്വന്തം ജാനകിക്കുട്ടി' എന്നായി മാറുന്നു. പക്വത വന്നിട്ടില്ലാത്ത, കൗമാരപ്രായത്തിലേക്ക് കടക്കുന്ന ജാനകി അവളുടെ സ്വന്തം കാഴ്ചപ്പാടിലൂടെയാണ് സ്വന്തം മോഹങ്ങളും സ്വപ്നങ്ങളും അനുഭവങ്ങളും അവതരിപ്പിക്കുന്നത്. ആത്മഭാഷണ രൂപത്തിലുള്ള ആഖ്യാനമാണ് സിനിമയിൽ ഉള്ളത്. 'എന്ന് സ്വന്തം ജാനകിക്കുട്ടി' എന്ന് പറയുമ്പോൾ ഇത് അവളുടെ മനസ്സ് മലർക്കെ തുറന്നുവച്ച കത്താണെന്ന് പറയാം. കണ്ണട മുഖത്ത് ഫിറ്റ് ചെയ്ത് "ഞാൻ ജാനകിക്കുട്ടി" എന്നവൾ സ്വയം പരിചയപ്പെടുത്തിയാണ് സിനിമ തുടങ്ങുന്നത് തന്നെയും. പ്രകൃതിദൃശ്യങ്ങളുടെ പശ്ചാത്തലത്തിൽ ജാനകിക്കുട്ടിയെ കാണിച്ചുകൊണ്ട് ഒരു ഗാനരംഗത്തിലൂടെയാണ് സിനിമ ആരംഭിക്കുന്നത്. എന്നാൽ ചെറുകഥയുടെ ആരംഭം ഇതിൽ നിന്ന് വ്യത്യസ്തമാണ്. യക്ഷിയെപ്പറ്റി മറ്റുള്ളവർ പറയുന്ന കാര്യങ്ങൾ അവിശ്വാസത്തോടെ നായിക പറയുന്നതാണ് ചെറുകഥയിലെ തുടക്കം. ജാനകിക്കുട്ടി സ്വന്തം കാഴ്ചപ്പാടിലൂടെയാണ് അവളുടെ അനുഭവങ്ങളും ആഗ്രഹങ്ങളും പങ്കുവെക്കുന്നത്. സ്വന്തം കുടുംബാംഗങ്ങളെ പിന്നീട് പരിചയപ്പെടുത്തുന്നു. അതിലൂടെ അവൾ അനുഭവിക്കുന്ന ഒറ്റപ്പെടൽ തെളിഞ്ഞുവരുന്നു. കാര്യസ്ഥൻ രാവുണ്ണി നായരുടെ മകൻ ഭാസ്കരന് ചെറുകഥയിൽ വലിയ സ്ഥാനമില്ല. ചെറിയൊരു പരാമർശം മാത്രമേയുള്ളൂ. എന്നാൽ സിനിമയിൽ ഈ കഥാപാത്രത്തെ വികസിപ്പിച്ചെടുത്ത് നായകസ്ഥാനത്തേക്ക് ഉയർത്തിയിരിക്കുന്നു. ജാനകിക്കുട്ടി ഭാസ്കരനെ പ്രണയിക്കുന്നതും അവർ ഒരുമിക്കുമ്പോൾ സിനിമ അവസാനിക്കുകയും ചെയ്യുന്ന രീതിയിലണ് ആഖ്യാനം. സിനിമയുടെ ക്ലൈമാക്സ് ചെറുകഥയിൽ നിന്ന് വ്യത്യസ്തമാണ്. കഥയിൽ മരണപ്പെട്ട മുത്തശ്ശി ജാനകിക്കുട്ടിക്കും കുഞ്ഞാത്തോലിനുമൊപ്പം ചേർന്ന് കൊത്തങ്കല്ലാടുന്ന രീതിയിലാണ്, എങ്കിൽ സിനിമയിലേക്ക്

വരുമ്പോൾ ഏകാന്തതയുടെയും അയാഥാർത്ഥത്തിന്റെയും ലോകത്ത് ജാനകിക്കുട്ടിയെ മോചിപ്പിച്ച് അവൾ ഏറെ സ്നേഹിക്കുന്ന ഭാസ്കരന്റെ കൈവിരലിൽ പിടിച്ച് സൂര്യാസ്തമയത്തിന് നേർക്ക് അവർ നടന്നടുക്കുമ്പോൾ സിനിമ അവസാനിക്കുന്ന രീതിയിലാണ് ആഖ്യാനം.

ചെറുകഥ നടക്കുന്നത് ഭൂതകാലത്തിലാണ്. നായികയായ ജാനകി കുട്ടിയുടെ ജീവിതത്തിൽ സംഭവിച്ച കാര്യങ്ങൾ വായനക്കാരോട് പറയുന്ന രീതിയിലാണ് കഥാഖ്യാനം ചെയ്തിരിക്കുന്നത്. എന്നാൽ ചലച്ചിത്രത്തിലേക്ക് വരുമ്പോൾ വർത്തമാനകാലത്തിലാണ് കഥ നടക്കുന്നത്. പ്രേക്ഷകന്റെ ആസ്വാദനത്തെ മുൻനിർത്തിയാവാം ഇങ്ങനെയൊരു മാറ്റം വരുത്തുന്നതിനുള്ള കാരണം. 'കളഭത്തിന്റെയും കോടിമുണ്ടിന്റെയും മണമുണ്ട് കുഞ്ഞാത്തലിന്'5 എം. ടി ചെറുകഥയിൽ ജാനകിക്കുട്ടിയെ കൊണ്ട് ചിന്തിപ്പിക്കുന്ന വാക്യമാണിത്. എന്നാൽ ഇത് അതേപടി സിനിമയിൽ ആവിഷ്കരിക്കുക എന്നുള്ളത് ബുദ്ധിമുട്ടുള്ള കാര്യമാണ്. അവിടെ തിരക്കഥാകൃത്തിന് സംഭാഷണത്തിന്റെ സഹായം തേടേണ്ടി വരും. യക്ഷിയെപ്പറ്റി കഥാകൃത്ത് വാക്കുകളിലൂടെ വരച്ച കാര്യങ്ങൾ സംഭാഷണത്തിലൂടെ സിനിമയിൽ അവതരിപ്പിച്ചിട്ടുണ്ട്. 'കരയും കുറിയും ഉള്ള വെള്ളമുണ്ട്. ബ്ലൗസും വെള്ള. പിന്നെ ആകെ ഒരു ശീലപ്പൊതപ്പ്. ചുവന്ന ചാന്തോണ്ട് പൊട്ട്. കാതിൽ ചിറ്റ്. കഴുത്തിൽ കാശിമാല'6. ഈ മട്ടിലാണ് എം.ടി യക്ഷിയായ കുഞ്ഞാത്തോലിനെ കഥയിൽ അവതരിപ്പിച്ചിരിക്കുന്നത്. ചഞ്ചൽ എന്ന നായികയാണ് സിനിമയിൽ കുഞ്ഞാത്തോലിനെ അഭിനയിച്ച് ഫലിപ്പിച്ചിരിക്കുന്നത്. കഥയിൽ അവതരിപ്പിച്ച വേഷത്തിൽ തന്നെയാണ് സിനിമയിലും നായിക പ്രത്യക്ഷപ്പെടുന്നത്. വിൻസെന്റ് സംവിധാനം ചെയ്ത ഭാർഗവിനിലയം (1964) എന്ന ഹൊറർമൂവിക്ക് ശേഷം മലയാളത്തിൽ വന്നിട്ടുള്ള മിക്ക പ്രേതസിനിമകളിലും നായിക വെള്ളസാരി ധരിച്ചാണ് പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. ഇതിലും അതിന് വലിയ മാറ്റമില്ല. ഹോമം, മന്ത്രവാദം, പൂജ, ബാധ ഒഴിപ്പിക്കൽ എന്നിങ്ങനെ ഹൊറർ സിനിമകളിലെ സ്ഥിരം ആവർത്തനങ്ങൾ ഈ സിനിമയിലും കാണാം. വള്ളുവനാടൻ ഭാഷാശൈലിയാണ് എം.ടി സംഭാഷണത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ഉച്ചക്കാനം, കയ്യാല, പടിഞ്ഞാറ്റ, ആയമ്മ, ഉറുണ്യാൻ മാവ്, ആത്തേമ്മ ഇത്തരത്തിൽ ചെറുകഥയ്ക്ക് സൗന്ദര്യം നൽകുന്ന അനവധി പദപ്രയോഗങ്ങൾ എം. ടിയുടെതായിട്ടുണ്ട്. എന്നാൽ ദൃശ്യാവിഷ്കരണത്തിൽ അവ ചോർന്നു പോകുന്നതായിട്ടാണ് അനുഭവപ്പെടുന്നത്.

ക്യാമറയുടെ ചലനം, ക്യാമറാദൂരം, കാഴ്ചക്കോണുകൾ, വർണ്ണം, വെളിച്ചവിധാനം, സംഗീതം, പശ്ചാത്തലസംഗീതം, ശബ്ദവൈചിത്രങ്ങൾ, എഡിറ്റിംഗ്, വസ്ത്രാലങ്കാരം എന്നിങ്ങനെ അനവധി ഘടകങ്ങളെ ചലച്ചിത്രപഠനത്തിന് പരിഗണിക്കാവുന്നതാണ്. ഹരി നായരാണ് ഈ സിനിമയ്ക്ക് വേണ്ടി ക്യാമറ ചലിപ്പിച്ചിരിക്കുന്നത്. കേരളീയ ദൃശ്യബിംബങ്ങളുടെ ചാരുത എം.ടിയുടെ തിരക്കഥകളിൽ കാണാം. കാവ്, അമ്പലക്കുളം, ആൽത്തറ, മരച്ചില്ലകളിൽ കുറുകുന്ന പ്രാവുകൾ, സൂര്യോദയം, അസ്തമയം മരങ്ങൾ, പൂക്കൾ, പക്ഷികൾ അങ്ങനെ അനവധി മനോഹരദൃശ്യങ്ങൾ ഹരിനായരുടെ ക്യാമറ പകർത്തിയിട്ടുണ്ട്. ഈ സിനിമയിലെ നാട്ടുവഴികളും പച്ചപ്പും കുളവും കൽപ്പടവുകളും പഴയ ഓടിട്ടവീടും പറമ്പും കാഴ്ചക്കാരിൽ ഗൃഹാതുരത ഉണർത്തുന്ന മട്ടിലാണ് ദൃശ്യവൽക്കരിച്ചിരിക്കുന്നത്. മീഡിയം, ക്ലോസപ്പ് ഷോട്ടുകൾ സിനിമയിൽ വ്യാപകമായി ഉപയോഗിച്ചിരിക്കുന്നു. കുഞ്ഞാത്തോൽ തന്റെ ദംഷ്ട്ര കാണിക്കുന്നത് ക്ലോസപ്പ് ഷോട്ടിലാണ് എടുത്തിരിക്കുന്നത്. കാഴ്ചക്കാരെ ഭയപ്പെടുത്തുന്ന അനുഭവം സൃഷ്ടിക്കാൻ ഇതിലൂടെ സാധിക്കുന്നു. ഗാനരംഗങ്ങളിൽ സ്ലോമോഷൻ രംഗങ്ങൾ ഉപയോഗിച്ചിരിക്കുന്നു. ജാനകിക്കുട്ടി യക്ഷിയെ ആദ്യം കണ്ടുമുട്ടുന്ന രംഗം ചാർജിങ്/ട്രാക്കിംഗ് ഷോട്ടിലാണ് ചിത്രീകരിച്ചിരിക്കുന്നത്. ഹൈ ആംഗിൾഷോട്ടുകളും ധാരാളം കാണാം. ഗാനരംഗങ്ങളിൽ ഇത്തരം ഷോട്ടുകൾ കാണാൻ കഴിയും. പാൻ ഷോട്ടിലൂടെ ജാനകിയുടെ വീട് കാണിക്കുന്ന രംഗവും സിനിമയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

നടരാജനാണ് സിനിമയുടെ വസ്ത്രാലങ്കാരം ഒരുക്കിയിരിക്കുന്നത്. പാവാടയും ബ്ലൗസും അണിഞ്ഞ കൗമാരക്കാരിയായിട്ടാണ് സിനിമയിലുടനീളം ജാനകിക്കുട്ടിയെ അവതരിപ്പിക്കുന്നത്. അതേസമയം കോളേജിൽ പഠിക്കുന്ന അണിഞ്ഞൊരുങ്ങി നടക്കാൻ ഇഷ്ടപ്പെടുന്ന സരോജിനി പലപ്പോഴും ചുരിദാർ ധരിച്ചാണ് സിനിമയിൽ പ്രത്യക്ഷപ്പെടുന്നത്. വെള്ളവസ്ത്രം ധരിക്കുന്ന യക്ഷിയെപ്പറ്റി മുമ്പ് സൂചിപ്പിച്ചു. വെള്ളമുണ്ടും ബ്ലൗസും ധരിച്ചാണ് സിനിമയിൽ മുത്തശ്ശി പ്രത്യക്ഷപ്പെടുന്നത്. തോളിൽ ഒരു തോർത്തും മുണ്ടും ഇട്ടുവരുന്ന കാര്യസ്ഥൻ രാവുണ്ണി നായരെയും കാണാം. കഥാപാത്രങ്ങൾക്കും കഥാസന്ദർഭത്തിനും അനുയോജ്യമായ വസ്ത്രാലങ്കാരമാണ് ചലച്ചിത്രത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ചലച്ചിത്രത്തെ

പോഷിപ്പിക്കുന്നതിലും അതിന്റെ അർത്ഥ-വൈകാരിക തലങ്ങളെ പൊലിപ്പിക്കുന്നതിലുമെല്ലാം ശബ്ദത്തിന് നിർണായകമായ പങ്കുണ്ട്. ചലച്ചിത്രത്തിൽ ദൃശ്യപഥത്തോടൊപ്പം ഉൾച്ചേർന്നിരിക്കുന്ന ശബ്ദപഥത്തിൽ ദൃശ്യാനുഭവങ്ങളെ വിശ്വസനീയമാക്കുന്നതും അതിലെ വൈകാരികാംശങ്ങളെ പൊലിപ്പിക്കുന്നതുമായ പലതരം ശബ്ദങ്ങളാണുള്ളത്. പശ്ചാത്തലസംഗീതം ദൃശ്യത്തിന്റെ വൈകാരികതലത്തെ സജീവമാക്കുന്നതോടൊപ്പം ആഖ്യാനത്തിലെ വിവിധ ഘടകങ്ങളെയും സ്ഥലകാലപരമായ പ്രത്യേകതകളെയും ഉറപ്പിക്കാനും സഹായിക്കുന്നു. ശബ്ദലേഖനം നിർവഹിച്ചിരിക്കുന്നത് സമ്പത്ത് എന്ന വ്യക്തിയാണ് ഈ സിനിമയിലെ ശബ്ദമിശ്രണത്തിന് അദ്ദേഹത്തിനു ദേശീയ അവാർഡ് ലഭിക്കുകയുണ്ടായി. പലതരം ശബ്ദങ്ങൾ മികവോടെ ഈ സിനിമയിൽ ഉപയോഗിച്ചിരിക്കുന്നു. പക്ഷികളുടെ കരച്ചിൽ, പശുവിന്റെ കരച്ചിൽ, പ്രാവുകളുടെ കുറുകൽ (ഈ പ്രാവുകൾ മരിച്ചവരുടെ ആത്മാക്കളായും സിനിമയിൽ പ്രത്യക്ഷപ്പെടുന്നു. മുത്തശ്ശിയുടെ മരണം ശേഷം ചിതയിൽ നിന്ന് ചിറകടിച്ചു പറന്നിരുന്ന പ്രാവിന്റെ ശബ്ദം മാത്രം കേൾക്കുന്നുണ്ട്.) ചീവിടിന്റെ ശബ്ദം, ചിലങ്കയുടെ ശബ്ദം, കുഞ്ഞാത്തോൾ ജാനകിയുടെ മുന്നിൽ പ്രത്യക്ഷപ്പെടുമ്പോൾ നിരന്തരം കേൾക്കുന്ന കാറ്റിന്റെ ശബ്ദം, സംഘർഷാത്മകവും വൈകാരികവുമായ രംഗങ്ങളിൽ ഉപയോഗപ്പെടുത്തിയിരിക്കുന്ന പശ്ചാത്തലസംഗീതം... അങ്ങനെ പോകുന്നു സിനിമയിലെ ശബ്ദ സങ്കേതങ്ങൾ. യേശുദാസും ചിത്രയും പാടി കൈതപ്രം ദാമോദരൻ നമ്പൂതിരി എഴുതി ഈണമിട്ട നാല് ഗാനങ്ങളും കഥയിലെ സന്ദർഭങ്ങളോട് ഇഴുകി ചേർന്ന് നിൽക്കുന്നവയാണ്.

വെളിച്ചത്തിന്റെ ഉചിതമായ പ്രയോഗവും സിനിമയെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടതാണ്. യക്ഷി (കുഞ്ഞാത്തോൽ) ജാനകിക്കുട്ടിക്ക് മുന്നിൽ പ്രത്യക്ഷപ്പെടുമ്പോൾ യക്ഷിക്ക് പിന്നിൽ കൃത്യമായ വെളിച്ചം പ്രകാശിപ്പിക്കുന്നതും മറയുന്നതും കാണാം. യക്ഷിയുടെ പ്രത്യക്ഷപ്പെടലും അപ്രത്യക്ഷമാവലും ഇഫക്ട്സുകൾ പോലുള്ള സാങ്കേതികവിദ്യ ഉപയോഗിച്ചാണ് നിർവഹിച്ചിരിക്കുന്നത്. കഥാപാത്രങ്ങളുടെ ശരീരഭാഷാ വ്യക്തമായി അടയാളപ്പെടുത്തി അവർക്ക് സ്ഥലകാലോചിതമായ വ്യക്തിത്വം നൽകുന്നതിൽ എം.ടി ഏറെ ശ്രദ്ധ ചെലുത്തിയിരുന്നു. സിനിമയിലെ ഓരോ കഥാപാത്രങ്ങൾക്കും കൃത്യമായ വ്യക്തിത്വം ഉണ്ട്. കഥാപാത്രങ്ങൾക്ക് അനുയോജ്യരായ താരങ്ങളെയാണ് സംവിധായകൻ തിരഞ്ഞെടുത്തിരിക്കുന്നത്. ഈ സിനിമയിലെ അഭിനയത്തിന് ജാനകിക്കുട്ടിയായി അഭിനയിച്ച ജോമോൾ എന്ന നടിക്ക് ദേശീയ അവാർഡ് ലഭിക്കുകയുണ്ടായി. ഏറ്റവും നല്ല ചിത്രം, സംവിധായകൻ, നടി, തിരക്കഥ, സംഗീത സംവിധായകൻ എന്നിവക്കുള്ള കേരള ഫിലിം ക്രിട്ടിക്സ് അവാർഡും ഈ സിനിമയെ തേടി എത്തുകയുണ്ടായി. ഇതുവരെ സൂചിപ്പിച്ച കാര്യങ്ങളിൽ നിന്ന് വ്യക്തമാകുന്ന കാര്യം ചെറുകഥ സിനിമയാകുമ്പോൾ സംഭവിക്കുന്ന മാധ്യമപരമായ മാറ്റത്തിന് പിൻബലം നൽകുന്നതിൽ സാങ്കേതികവിദ്യയും മറ്റും സഹായകമാകുന്നുണ്ട് എന്നതാണ്.

'കാണാവുന്ന സാഹിത്യം' എന്നാണ് എം.ടി സിനിമയെ വിശേഷിപ്പിച്ചത്. അനുകല്പന തിരക്കഥകളുടെ രചനക്കായി തന്റെ വിഖ്യാതമായ ചെറുകഥകളിൽ നിന്ന് തിരക്കഥകൾ സൃഷ്ടിക്കുന്ന രീതിയാണ് എം ടി അധികവും സ്വീകരിച്ചു പോന്നത്. 'നല്ല തിരക്കഥകൾ നല്ല സാഹിത്യം കൂടിയാണെന്ന് തെളിയിച്ച മലയാളത്തിലെ ആദ്യത്തെ കഥാകാരനാണ് എം.ടി'7. എന്ന് അക്ബർ കക്കട്ടിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. മലയാള സിനിമയിലെ മാധ്യമപരമായ കലാമേന്മകളുടെ പേരുകൾ തേടി പോകുമ്പോൾ നാം ചെന്നെത്തുക എം.ടിയുടെ തിരക്കഥകളിലായിരിക്കും. ശില്പഭദ്രതയും മൗലികതയും കലാത്മകതയും വിളിച്ചോതുന്നവയാണ് അദ്ദേഹത്തിന്റെ തിരക്കഥകൾ. എം.ടിയുടെ തിരക്കഥകളെ പറ്റി അരവിന്ദൻ വല്ലച്ചിറ ഇങ്ങനെ അഭിപ്രായപ്പെടുന്നു "വെറുതെ ഒരു കഥ പറഞ്ഞ് ഫലിപ്പിക്കുകയല്ല, മറിച്ച് പ്രേക്ഷകരെ അതുമായി അനുഭവിക്കുകയാണ് വേണ്ടത് എന്ന് വിശ്വസിക്കുന്ന ആളാണ് എം.ടി. കഥയുടെ പശ്ചാത്തലം, കഥാപാത്രങ്ങൾ, ആശയ സംഘട്ടനങ്ങൾ എന്നിവയിലൂടെ എം.ടി വരച്ചു കാണിക്കുന്ന യാഥാർത്ഥ്യബോധം പ്രേക്ഷകർക്ക് ചലച്ചിത്രവുമായി താദാത്മ്യം പ്രാപിക്കാനും മാനസികാമായി വളർത്തിയെടുക്കാനും സഹായകമാകുന്നു8. സാഹിത്യത്തിന്റെയും സിനിമയുടെയും ആത്മസൗന്ദര്യവും ചേതനകളും ആഴത്തിൽ കണ്ടറിഞ്ഞ ഹൃദിസ്ഥമാക്കിയ കലാകാരനാണ് എം.ടി. വ്യത്യസ്തമായ ഈ മാധ്യമങ്ങളുടെ ചാരുതയും വശ്യതയും അദ്ദേഹത്തിന്റെ സൃഷ്ടികളിൽ വ്യക്തമായി കാണാം. സാഹിത്യഭാഷയും ചലച്ചിത്രഭാഷയും തമ്മിലുള്ള അന്തരം അദ്ദേഹത്തിന്റെ ചിത്രങ്ങൾ നമുക്ക്

ബോധ്യപ്പെടുത്തിത്തരുന്നു.

സാഹിത്യപരമായ മേന്മ മാത്രമല്ല കാവ്യാത്മകതയും ശക്തമായ ബിംബങ്ങളുടെയും ദൃശ്യസമ്പന്നതയുടെയും ഭാവനാപരമായ സമന്വയവും എം.ടി തിരക്കഥകളുടെ മുഖമുദ്രയാണ്. എം.ടിയുടെ മിക്ക ചിത്രങ്ങളിലും കാല്പനികതയിൽ ഊന്നിയ റിയലിസ്റ്റിക് ശൈലിയാണ് മുന്നിട്ടുനിൽക്കുന്നത്. കഥാപാത്രങ്ങളുടെ മാനസികാവസ്ഥയുമായി സമന്വയിപ്പിച്ച് കൊണ്ടാണ് എം.ടി സംഭാഷണം ഒരുക്കുന്നത്. "ക്യാമറയുടെ ദൃഷ്ടിയും സിനിമയിലെ മുഖ്യ കഥാപാത്രത്തിന്റെ ദൃഷ്ടിയും പ്രേക്ഷക ദൃഷ്ടിയും കടന്ന് കഥാപാത്രത്തിന്റെ വ്യക്തിത്വത്തിന് പ്രായോഗികമായി കൂടുതൽ തിളക്കം കൂട്ടുകയാണ് തിരക്കഥാരചനയിലൂടെ എം.ടി നിർവഹിക്കുന്നതെന്ന് '9 ഒ.പി രാജ്മോഹൻ നിരീക്ഷിക്കുന്നു. ചലച്ചിത്രകലയുടെ സാങ്കേതിക പ്രതിബദ്ധങ്ങളും സിദ്ധാന്തങ്ങളും ആഴത്തിൽ കണ്ടറിഞ്ഞ ക്രാഫ്റ്റ് ഹൃദിസ്ഥമാക്കിയ രചനകളിൽ മൗലികതയും നൂതനത്വവും കാത്തുസൂക്ഷിക്കുന്ന തിരക്കഥാരചയിതാവായി എം.ടി യെവിലയിരുത്താം. അനുകല്പനം സംബന്ധിച്ച ചർച്ചകളിൽ 'വിപുലനം' (Expansion) എന്നൊരു വാക്ക്ഡൈമർചാറ്റ്മാനും ബ്രയാൻമക്ഫെർലൈനും മുന്നോട്ടുവെക്കുന്നുണ്ട്. ചെറിയൊരുസംഭവത്തെയോ കഥയെയോ ആവശ്യമായ കൂട്ടിച്ചേർക്കലുകളോടെ വിപുലീകരിക്കുന്ന പ്രവർത്തിയാണിത്. 'എന്ന് സ്വന്തം ജാനകി കുട്ടി ' എന്ന സിനിമ ഈ ഒരു അനുകല്പന രീതിയാണ് പിന്തുടരുന്നത്.

**കുറിപ്പുകൾ:**

1) Joy Gould Boyum, Double Exposure: Fiction in to Film, Seagull Books, Calcutta 1989, p. 14.
2) Ibid.
3) കോഴിക്കോടൻ, ഉദ്ധരണം, സംവിധായകനായ എം.ടി., മാതൃഭൂമി ബുക്സ് കോഴിക്കോട് 2007, പുറം 10.
4) എം.ടി. വാസുദേവൻനായർ, ഉദ്ധരണം, എന്ന് സ്വന്തം ജാനകിക്കുട്ടി, ഡിസി ബുക്സ് കോട്ടയം, 2011, പുറം 1068.
5) എം.ടി. വാസുദേവൻനായർ, ഉദ്ധരണം, എം.ടിയുടെ കഥകൾ, ഡിസി ബുക്സ് കോട്ടയം 2017, പുറം 392.
6) അതേ പുസ്തകം, പുറം 388.
7) അക്ബർ കക്കട്ടിൽ, ഉദ്ധരണം, സർഗ്ഗസമീക്ഷ, ഡിസി ബുക്സ്, കോട്ടയം 1983, പുറം 252.
8) അരവിന്ദൻ വല്ലച്ചിറ, ഉദ്ധരണം, ആത്മനിന്ദയുടെ പൂക്കൾ, പൂർണ്ണ പബ്ലിക്കേഷൻസ് കോഴിക്കോട് 1991, പുറം 8.
9) ഒ.പി രാജ്മോഹൻ, ഉദ്ധരണം, എം.ടി തിരക്കഥകളുടെ ഭാഷ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം 1997, പുറം 82 - 83.

**സഹായകഗ്രന്ഥങ്ങൾ:**

1) കോഴിക്കോടൻ. എം. ടിയുടെ സിനിമകൾ. മാതൃഭൂമി ബുക്സ് കോഴിക്കോട്, 2007.
2) ടോണി മാത്യൂ (എഡി). എം.ടിയുടെ സർഗ്ഗപ്രപഞ്ചം. കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, 1997.
3) രാമചന്ദ്രൻ, ജി. പി. സിനിമയും മലയാളിയുടെ ജീവിതവും. നാഷണൽ ബുക്സ്റ്റാൾ കോട്ടയം, 2010.
4) വാസുദേവൻ നായർ, എം.ടി. എം.ടിയുടെ കഥകൾ. ഡിസി ബുക്സ് കോട്ടയം, 2017.
5) വാസുദേവൻ നായർ, എം. ടി. എം. ടി യുടെ തിരക്കഥകൾ. ഡിസി ബുക്സ് കോട്ടയം, 2013.
6) വല്ലച്ചിറ, അരവിന്ദൻ. ആത്മനിന്ദയുടെ പൂക്കൾ. ഡിസി ബുക്സ് കോട്ടയം, 1991.
7) Boyum, Joy Gould. Double Exposure: Fiction in to Film. Seasull Books Culcutta, 1989.
8) Chatman, Seymour. Story and Discourse: Narrative Structure in Fiction and Film. Ithaca:Cornell Up, 1978.
9) Chatman, Seymour. Coming To Terms. The Rhetoric of Narrative in Fiction and Film. Ithaca:Cornell Up, 1990.

**വാരികകൾ / ലേഖനം**

1) നാദിർഷ. "എന്ന് സ്വന്തം ജാനകിക്കുട്ടി". മാതൃഭൂമി ആഴ്ചപ്പതിപ്പ് ചിത്രശാല, ഫെബ്രുവരി 15 -21, 1998. പേജ്-50.

**ഇന്റർനെറ്റ്**

"എന്ന് സ്വന്തം ജാനകിക്കുട്ടി" യൂട്യൂബ്, Scube Films 2021, ഫെബ്രുവരി 14.

ലിങ്ക് : https://youtu. be/5qipGJfDJAo